ബഹു. അച്ചാ / പ്രിയ സുഹൃത്തേ,

മലങ്കര ഓർത്തഡോക്സ് സഭയുടെ അത്മായ ട്രസ്റ്റി ആയി മത്സരിക്കുന്ന ശ്രീ. ജോർജ് പോളിനെതിരെ ചില ആരോപണങ്ങൾ പ്രിൻറ് മീഡിയായിലും മറ്റും പരത്തുന്നതായി അറിയാൻ കഴിഞ്ഞു. 'സഭാ സംരക്ഷണ സമിതി (കണ്ടനാട്, കൊച്ചി, അങ്കമാലി ഭദ്രാസനങ്ങൾ)' എന്ന പേരിൽ ഒരു ലഘുലേഖ രൂപത്തിലാണ് ഈ ആരോപണങ്ങൾ പരത്തുന്നത്. കോലഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ എന്ന സ്ഥാപനത്തെ ബന്ധപ്പെടുത്തി പ്രചരിപ്പിക്കുന്ന ഈ ആരോപണങ്ങൾ പൂർണ്ണമായും വാസ്തവ വിരുദ്ധവും മറുപടി അർഹിക്കാത്തതുമാണ്. എങ്കിലും സഭാവിശ്വാസികളുടെ അറിവിലേക്കായി താഴെ പറയുന്ന വിശദീകരണം സമർപ്പിക്കുന്നു.

1. പരിശുദ്ധ കാതോലിക്കാ ബാവ പ്രസിഡൻറ് ആയി മലങ്കര സഭയാൽ രൂപീകൃതമായ ഒരു ചാരിറ്റബിൾ സൊസൈറ്റി ആണ് മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ (Reg. No. ER 6 of 1967). പ. ഔഗേൻ കാതോലിക്കാ ബാവ 1970 സെപ്റ്റംബർ 14-ാം തിയതി ഈ സ്ഥാപനം കൂദാശ ചെയ്ത് ആശീർവദിച്ച് പ്രവർത്തനം ആരംഭിച്ചു.
2 & 3 2002 ൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ കാതോലിക്കാ ബാവയുടെ അനുമതിയോടും അനുഗ്രഹത്തോടും കൂടി സൊസൈറ്റിയുടെ സ്ഥാപന ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി സെക്രട്ടറി എന്ന നിലയിൽ എൻെറ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കുകയും അതിന് നിലവിലുള്ള നിയമപ്രകാരം ന്യൂനപക്ഷ പദവി (Minority Status) നേടിയെടുക്കുകയും ചെയ്തു.
4. ഈ സ്ഥാപനം പ. കാതോലിക്കാ ബാവ പ്രസിഡൻറ് ആയും കണ്ടനാട് മെത്രാപ്പോലീത്താമാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാർ എക്സ് ഒഫീഷ്യോ വൈസ്പ്രസിഡൻറുമാരായും ഉള്ള ഒരു ഭരണസമിതിയുടെ കീഴിൽ വിജയകരമായി പ്രവർത്തിക്കുന്നു. ശ്രീ. ജോയി പി ജേക്കബ് സെക്രട്ടറി ആയും ശ്രീ അജു ജേക്കബ് ട്രഷറാർ ആയും ശ്രീ സണ്ണി പീറ്റർ ഓർഗനൈസിംഗ് സെക്രട്ടറി ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ കൊച്ചി ഭദ്രാസനത്തിൻെറ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി പ. കാതോലിക്കാബാവയുടെ നോമിനി എന്ന നിലയിലും, അങ്കമാലി ഭദ്രാസനത്തിൻെറ യൂഹാനോൻ മാർ പോളിക്കാർപ്പസ് തിരുമേനി, റവ. ഫാ. എം. വി. എബ്രഹാം, ഡോ. ശശി ഏളൂർ, ശ്രീ. ജോർജ് പോൾ (2016 മുതൽ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ട നിലയിലും വൈസ് പ്രസിഡൻറുമാരാണ്.
5. ഈ സ്ഥാപനം അതിൻെറ ഭരണഘടന അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭരണസമിതിയുടെ കാലാകാലങ്ങളിലുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ

മുന്നോട്ടുപോകുന്നു. 2002-ൽ കേരളത്തിൽ സ്വാശ്രയമേഖലയിൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചപ്പോൾ ശ്രീ. ജോർജ് പോൾ സ്വാശ്രയമേഖലയിലെ മെഡിക്കൽ കോളേജ് അസോസിയേഷൻെറ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെടുകയും ആ നിലക്ക് പ്രവർത്തിക്കുകയും ചെയ്തു. ഇപ്പോൾ കേരളത്തിലെ മുൻ നിരയിൽ പ്രവർത്തിക്കുന്ന നാല് ക്രിസ്ത്യൻ മെഡിക്കൽ കോളേജുകൾ ഉൾപ്പെടുന്ന 'കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെൻറ് ഫെഡറേഷൻെറ' വക്താവായി പ്രവർത്തിക്കുന്നു. അദ്ദേഹത്തിന് ഭരണസമിതി അംഗം എന്ന നിലയിലുപരി എം.ഒ.എസ്.സി മെഡിക്കൽ കോളേജിൻെറ ഭരണത്തിൽ നേരിട്ടോ അല്ലാതെയോ യാതൊരു പങ്കും ഇല്ല.

6. ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ. ബാവയും വൈസ്പ്രസിഡൻറുമാരായ അഭി. തിരുമേനിമാരും മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെ പ്രതിനിധികളും കണ്ടനാട് ഭദ്രാസന കൗൺസിൽ പ്രതിനിധിയും ഉൾപ്പെടുന്ന ഭരണസമിതിയുടെ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.
7. പ. ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവയുടെ, മെഡിസിന് രണ്ടു സീറ്റെങ്കിലും മലങ്കര സഭയുടെ കുട്ടികൾക്ക് നൽകണമെന്ന കല്പന മെഡിക്കൽ കോളേജ് തള്ളിക്കളഞ്ഞു എന്ന ആരോപണം വാസ്തവ വിരുദ്ധമാണ്. പ. ബാവ ഇത്തരത്തിൽ ഒരു കല്പന നൽകിയിട്ടില്ല. എന്നാൽ ഈ കോളേജിൽ MBBS അഡ്മിഷന് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടി 21 സീറ്റുകൾ ഓരോ വർഷവും ഓർത്തഡോക്സ് വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഓരോവർഷവും മുപ്പതിലധികം ഓർത്തഡോക്സ് വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ MBBS ന് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടുന്നു എന്നത് ശ്രദ്ധേയമാണ്.
8. ഓർത്തഡോക്സ്കാരായ വൈദീകരുടെയും അസോസിയേഷൻ അംഗങ്ങളുടെയും മക്കൾക്ക് മേൽപ്പറഞ്ഞ സംവരണത്തിൻെറ ആനുകൂല്യം ലഭിക്കുന്നുണ്ട്.
9. ആശുപത്രിയുടെ സ്ഥാപനത്തിൽ മുഖ്യപങ്കു വഹിച്ച കോലഞ്ചേരി പള്ളിക്ക് സ്ഥാപനത്തിൻെറ ഭരണത്തിൽ നിർണ്ണായക സ്ഥാനം ഉണ്ട്. പള്ളി പൊതുയോഗം തിരഞ്ഞെടുത്ത് ഇടവക മെത്രാപ്പോലീത്ത അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി അംഗീകരിച്ച ഒൻപത് പ്രതിനിധികൾ സ്ഥാപനത്തിൻെറ ഭരണസമിതിയിൽ അംഗങ്ങളാണ്.
10. ആശുപത്രി സ്ഥിതി ചെയ്യുന്ന കണ്ടനാട് ഭദ്രാസനത്തിലെ തിരുമേനിമാരായ അഭി. മാത്യൂസ് മാർ സേവേറിയോസ്, അഭി. തോമസ് മാർ അത്താനാസിയോസ് എന്നിവർ സ്ഥാപനത്തിൻെറ വൈസ്പ്രസിഡൻറുമാരാണ്. കൂടാതെ കണ്ടനാട് ഭദ്രാസന കൗൺസിൽ പ്രതിനിധി ഭരണ സമിതി അംഗമാണ്.
11. കണ്ടനാട് ഭദ്രാസാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത വൈസ് പ്രസിഡൻറ് എന്ന നിലയിൽ സ്ഥാപനത്തിൻെറ ഭരണത്തിലും വളർച്ചയിലും ഭാഗഭാക്കാണ്.

മലങ്കര സഭയിലെ തിരുമേനിമാരായ അഭി. യാക്കോബ് മാർ ഐറേനിയോസ്, അഭി. യൂഹാനോൻ മാർ പോളിക്കാർപ്പസ്, അഭി. തോമസ് മാർ അത്താനാസിയോസ് എന്നിവരും വൈസ് പ്രസിഡൻറുമാർ എന്ന നിലയിൽ സ്ഥാപനത്തിൻെറ വളർച്ചയെ സഹായിക്കുന്നു.

12. സ്ഥാപനത്തിൻെറ പ്രസിഡൻറു കൂടിയായ പ. ബാവാ തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ഓരോ വർഷവും 21 സീറ്റുകൾ വീതം MBBS അഡ്മിഷനുവേണ്ടി സംവരണം ചെയ്തിരിക്കുന്നു. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് മെറിറ്റ് അടിസ്ഥാനത്തിൽ അല്ലാതെ കുട്ടികളെ പ്രവേശിപ്പിക്കാൻ മെഡിക്കൽ കോളേജിന് അനുമതിയില്ല. ഓരോ വർഷത്തേയും പ്രവേശനം കേരള ഗവൺമെൻറ് രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി കർശനമായി നിരിക്ഷിക്കുന്നതും മെറിറ്റ് അടിസ്ഥാനമാക്കി അല്ലാത്ത എല്ലാ പ്രവേശനങ്ങളും റദ്ദാക്കുന്നതുമാണ്.

13. മാർ ബസേലിയോസ് തോമസ് പ്രഥമനും ശ്രീ. തമ്പു ജോർജ് തുകലനും യാക്കോബായ മെത്രാപ്പോലീത്താമാർക്കും ഈ സ്ഥാപനത്തിൽ പ്രത്യേക ക്വോട്ട ലഭിക്കുന്നു എന്ന ആരോപണം തികച്ചും വാസ്തവ വിരുദ്ധമാണ്.

14. മലങ്കര ഓർത്തഡോക്സ് സഭക്ക് അല്ലാതെ മറ്റൊരു സംഘടനക്കോ പാർട്ടികൾക്കോ പ്രത്യേകമായ പ്രാതിനിധ്യമോ മറ്റു സഹായങ്ങളോ ഈ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നില്ല.

15. ഈ സ്ഥാപനത്തിനും വളർച്ചക്കും വേണ്ടി പ്രവർത്തിച്ച എല്ലാ സഭാപിതാക്കന്മാർക്കും അർഹമായ ആദരവു നൽകുന്നുണ്ട്.

16. സ്ഥാപനത്തിൻെറ മുൻ പ്രസിഡൻറും മലങ്കരസഭാ അദ്ധ്യക്ഷനുമായിരുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ ബാവയെ മറക്കാൻ ഈ സ്ഥാപനത്തിനു ഒരിക്കലും കഴിയില്ല. മറിച്ചുള്ള ആരോപണം സഭാമക്കളിൽ തെറ്റിദ്ധാരണ ജനിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

17. കോലഞ്ചേരി മെഡിക്കൽ കോളേജ് അനുവദിച്ചതിനെ തുടർന്ന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും നമ്മുടെ സഭക്ക് MBBS അഡ്മിഷനു വേണ്ടി ലഭിച്ചു വന്ന ഒരു വിദ്യാർത്ഥിക്കുള്ള 'സ്പോൺസർഷിപ്പ്' നിർത്തലാക്കി എന്നതു ശരിയാണ്. 12 വിദ്യാർത്ഥികൾക്കുള്ള സ്പോൺസർഷിപ്പ് നിർത്തലാക്കി എന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. അതേ സമയം കോലഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിച്ചതോടെ ഒന്നിനു പകരം പ്രതിവർഷം 21 MBBS സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ മലങ്കര സഭക്ക് സ്വന്തമായിരിക്കുകയാണ്. പത്തു വർഷത്തിൽ പത്തു സഭാമക്കൾക്കു മാത്രം ലഭിച്ചിരുന്ന ആനുകൂല്യം ഇതുവരെ 210 സഭാമക്കൾക്ക് സംവരണമനുസരിച്ച് ഉറപ്പാക്കിയതിൽ ശ്രീ. ജോർജ് പോളിൻെറ സംഭാവന ശ്രദ്ധേയമാണ്.

18. ശ്രീ. ജോർജ് പോൾ ഇന്ന് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെൻറ് ഫെഡറേഷൻെറ വക്താവായി പ്രവർത്തിക്കുന്നു. പൂർണ്ണമായും കുറ്റമറ്റ – സുതാര്യവും യോഗ്യത അടിസ്ഥാനമാക്കിയും (Transparent and Merit based) – പ്രവേശനം നടത്തി കേരള ഗവൺമെൻറിൻെറയും ബഹു. കേരള ഹൈക്കോടതിയുടെയും പ്രശംസക്ക് പാത്രമായ നാലു കോളേജുകളെ ആണ് ശ്രീ. ജോർജ് പോൾ പ്രതിനിധീകരിക്കുന്നത്. കോലഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ഈ നാലു കോളേജുകളും പ്രവേശനത്തിന് യാതൊരു തരത്തിലുള്ള ശുപാർശകളോ മറ്റു സ്വാധീനങ്ങളോ അനുവദിക്കുന്നില്ല.
19. കോലഞ്ചേരി മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയിൻറിഫിക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടുന്നതാണ്. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സൊസൈറ്റിയുടെ ഉടമസ്ഥത തുടങ്ങിയ കാര്യങ്ങൾ അതിൻെറ ഭരണഘടനയിൽ നിക്ഷിപ്തമാണ്.
20. ദിവംഗതനായ എൻെറ പിതാവ് ശ്രീ. എം. ചാക്കോപ്പിള്ളയുടെയും സഹപ്രവർത്തകരുടെയും സേവനങ്ങളെ മാതൃകയാക്കി ഈ സ്ഥാപനത്തിന് പൂർണ്ണ പിന്തുണ നൽകുന്ന ആളാണ് ശ്രീ. ജോർജ് പോൾ.

എളിയ രീതിയിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് വളർന്ന് പന്തലിച്ച് 1200 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും സംസ്ഥാനത്തെ മുൻനിരയിലുള്ള മെഡിക്കൽ കോളേജും ആക്കി മാറ്റാൻ ശ്രീ. ജോർജ് പോൾ നൽകിയ സംഭാവന ശ്രദ്ധേയമാണ്. ഈ സ്ഥാപനത്തിൻെറ വളർച്ച മലങ്കര സഭാമക്കൾക്ക് നേരിട്ടും അല്ലാതെയും എന്നും നന്മകൾ മാത്രമേ നൽകിയിട്ടുള്ളൂ. ഓരോ വർഷവും ഈ സ്ഥാപനം രണ്ടു കോടി രൂപ പാവപ്പെട്ട മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ആയി നൽകുന്നു. ചികിത്സക്ക് വളരെ കുറഞ്ഞ നിരക്കു മാത്രം ഈടാക്കുന്നതിനുപുറമെ ഈ സ്ഥാപനം പാവപ്പെട്ട രോഗികളുടെ ചികിത്സക്കായി ഓരോ വർഷവും രണ്ടു കോടിയിലധികം രൂപയുടെ ഇളവു നൽകി വരുന്നു.

സ്ഥാപിതകാലം മുതൽ എന്നും സഭാപിതാക്കന്മാരെ അനുസരിച്ച് പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തെക്കുറിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ദുഃഖകരമാണ്. അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് ഗൂഢലക്ഷ്യത്തോടെ സഭാമക്കളെ തെറ്റിദ്ധരിപ്പിക്കുന്നവരെ നാം തിരിച്ചറിയണം.

എന്ന്,

ജോയി പി. ജേക്കബ്
സെക്രട്ടറി
എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ

കോലഞ്ചേരി
7/1/2017